"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പാലക്കാട്, പൂളുർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച സ്വീപ്പർ നമ്പറി തസ്തിക, പുതുക്കോട് ഗ്രാമപഞ്ചായത്തിന്റെ സമീപ പഞ്ചായത്തുകളായ കണ്ണമ്പ്ര, വടക്കഞ്ചേരി, തരൂർ, കാവശ്ശേരി എന്നിവയിലേതെങ്കിലുമൊരു പഞ്ചായത്തിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1230/2022/LSGD    തീയതി,തിരുവനന്തപുരം, 17-05-2022

പരാമർശം:-

1. സ.ഉ(പി)നം.40/2013/സാനീവ,തീയതി 18.05.2013.
2. സ.ഉ(പി)നം.1/2016/സാനീവ, തീയതി 03.02.2016.
3. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.01.2019 ലെ ഇ4- 1438/19 നമ്പർ നടപടിക്രമം.
4. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.10.2020 ലെ ഇ4- 438/19നമ്പർ നടപടിക്രമം.
5. ശ്രീ.രഘു ദാസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(ഇകെഎം) 1522/20 നമ്പർ കേസ്സിൻ മേലുള്ള 03.03.2021 ലെ ഉത്തരവ്
6. പഞ്ചായത്ത് ഡയറക്ടറുടെ 27.01.2022ലെ ഇ6-5286/21 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

6.08.1999 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പുനർനിയമനം നൽകിയതിലൂടെ ശ്രീ.രഘു ദാസിന് പാലക്കാട് ജില്ലയിലെ പൂളുർ ഗ്രാമപഞ്ചായത്തിലും ശ്രീ.അജയന് പുതുക്കോട് ഗ്രാമപഞ്ചായത്തിലും നിയമനം ലഭിക്കുകയുണ്ടായി. എന്നാൽ നാട്ടുകാരുടെ പരാതിയെ തുടർന്ന് ശ്രീ.അജയനെ, ശ്രീ.രഘു ദാസ് ജോലി ചെയ്തിരുന്ന പൂളുർ ഗ്രാമപഞ്ചായത്തിലേക്കും ശ്രീ.രഘു ദാസിനെ പുതുക്കോട് ഗ്രാമപഞ്ചായത്തിലേയ്ക്കും ഭരണ സൗകര്യാർത്ഥം പരസ്പരം സ്ഥലംമാറ്റുകയും, പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (3) സ്ഥലം മാറ്റ ഉത്തരവിനെതിരെ ശ്രീ.അജയൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ (ഇകെഎം) 605/19 നമ്പർ കേസ്സിലെ 28.03.2019 ലെ ഉത്തരവ് പരിശോധിച്ച് ടിയാനെ പുതുക്കോട് ഗ്രാമപഞ്ചായത്തിൽ നിലനിർത്തണമെന്ന അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് പാലക്കാട് പഞ്ചായത്ത്

ഡെപ്യൂട്ടി ഡയറക്ടർ ടിയാനെ അറിയിക്കുകയും ചെയ്തു. മേൽ ഉത്തരവിനെതിരെ ശ്രീ.അജയൻ വീണ്ടും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒഎ(ഇകെഎം) 1611/19 നമ്പർ കേസ്സ് ഫയൽ ചെയ്യുകയും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (4) ഉത്തരവ് പ്രകാരം ശ്രീ.അജയനെ പാലക്കാട് ജില്ലയിലെ പുതുക്കോട് ഗ്രാമപഞ്ചായത്തിലും ശ്രീ.രഘു ദാസിനെ പാലക്കാട് ജില്ലയിലെ പുതൂർ ഗ്രാമപഞ്ചായത്തിലും തിരികെ നിയമിക്കുകയുണ്ടായി.

2. പരാമർശം (4) ഉത്തരവിനെതിരെ പാലക്കാട് ജില്ലയിലെ പുതൂർ ഗ്രാമപഞ്ചായത്തിൽ സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥലംമാറ്റം ലഭിച്ച ശ്രീ.രഘു ദാസ്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒഎ (ഇകെഎം) 1522/20 നമ്പർ കേസ്സ് ഫയൽ ചെയ്യുകയും, പരാമർശം (5) ഉത്തരവ് പ്രകാരം, ശ്രീ.അജയനെ പാലക്കാട് ജില്ലയിലെ പുതുക്കോട് ഗ്രാമപഞ്ചായത്തിലും ശ്രീ.രഘു ദാസിനെ പാലക്കാട് ജില്ലയിലെ പുതൂർ ഗ്രാമപഞ്ചായത്തിലും തിരികെ നിയമിച്ച പരാമർശം (4) ഉത്തരവ് റദ്ദാക്കുകയും അപ്രകാരം ഉത്തരവ് റദ്ദാക്കുന്നത് സൗകര്യപ്രദമായ ഏതെങ്കിലും സ്റ്റേഷനിൽ ശ്രീ.അജയന് നിയമനം നല്കുന്നത് പരിഗണിക്കുന്നതിന് രണ്ടാം എതിർ കക്ഷിയായ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് തടസ്സമാകുന്നതല്ലെന്നും വ്യക്തമാക്കിയിരുന്നു. പ്രസ്തുത കോടതി വിധി പാലിക്കുന്നതിലേയ്ക്കായി ശ്രീ.രഘു ദാസിനെ പുതുക്കോട് ഗ്രാമപഞ്ചായത്തിൽ നിലനിർത്തുന്നതിനും ശ്രീ.അജയൻ നിലവിൽ ജോലി ചെയ്തു വരുന്ന പുതൂർ ഗ്രാമപഞ്ചായത്തിലെ സൂപ്പർ ന്യൂമററി തസ്തിക പുതുക്കോട് ഗ്രാമപഞ്ചായത്തിന്റെ സമീപ പഞ്ചായത്തുകളായ കണ്ണമ്പ്ര വടക്കഞ്ചേരി, തരൂർ, കാവശ്ശേരി എന്നിവയിലേതിങ്കിലുമൊരു പഞ്ചായത്തിലേക്ക് ഷിഫ്റ്റ് ചെയ്ത് ഉത്തരവാകണമെന്നും പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും Rights Of Persons with Disabilities Act, 2016 Section 20(2) നിബന്ധനകൾക്ക് വിധേയമായും പുതൂർ ഗ്രാമപഞ്ചായത്തിലെ സൂപ്പർ ന്യൂമററി തസ്തിക, പുതുക്കോട് ഗ്രാമപഞ്ചായത്തിന്റെ സമീപ പഞ്ചായത്തുകളായ കണ്ണമ്പ്ര വടക്കഞ്ചേരി, തരൂർ, കാവശ്ശേരി എന്നിവയിലേതെങ്കിലുമൊരു പഞ്ചായത്തിലേക്ക് ഷിഫ്റ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീ.രഘു ദാസിനെ പുതുക്കോട് ഗ്രാമപഞ്ചായത്തിലെ സൂപ്പർ ന്യൂമററി തസ്തികയിൽ നിലനിർ ത്തുന്നതിനും, പുതുക്കോട് ഗ്രാമപഞ്ചായത്തിന്റെ സമീപ പഞ്ചായത്തുകളായ കണ്ണമ്പ്ര, വടക്കഞ്ചേരി, തരൂർ, കാവശ്ശേരി എന്നിവയിലേതെങ്കിലുമൊരു പഞ്ചായത്തിലേക്ക് ഷിഫ്റ്റ് ചെയ്യുന്ന സൂപ്പർ ന്യൂമററി തസ്തികയിൽ ശ്രീ.അജയന് നിയമനം നല്കുന്നതിനും അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(ഇകെഎം) 1522/2020 നമ്പർ കേസ്സിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 03.03.2021 ൽ പുറപ്പെടുവിച്ച ഉത്തരവ്

പാലിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പുതൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പുതുക്കോട് ഗ്രാമപഞ്ചായത്ത്, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ.രഘു ദാസ്, ക്ലാർക്ക്, പുതുക്കോട് ഗ്രാമപഞ്ചായത്ത്, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ.അജയൻ, ക്ലാർക്ക്, പുതൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സാമൂഹ്യ നീതി വകുപ്പ്(18.04.2022 ലെ ബി1/68/2022/സാനീവ നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്(വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ (207/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 17-05-2022 13:23:52
സെക്ഷൻ ഓഫീസർ